ഖുത്ബ
16-4-2004
ബൈത്തുൽ ഫുത്തൂഹ്
ലണ്ടൻ

# അല്ലാഹു വിധിയെഴുതിയിരിക്കുന്നു; ഞാൻ വിജയിക്കുമെന്ന്.

كَتَبَ اللَّهُ لَأَغْلِبَنَّ أَنَا وَرُسُلِي إِنَّ اللَّهَ قَوِيٌّ عَزِيزٌ ﴿٢٢﴾

*ഞാനും എന്റെ ദൂതന്മാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. തീർച്ചയായും അല്ലാഹു പ്രബലനും പ്രതാപവാനു മാകുന്നു."* (58:22)

അല്ലാഹു പ്രവാചകന്മാരെ ലോകത്തേക്ക് നിയോഗിക്കുമ്പോൾ, എതിരാളികളുടെ എതിർപ്പിന്റെ കൊടുങ്കാറ്റും അടിക്കാൻ തുടങ്ങുന്നു. പക്ഷെ, പ്രവാചകന്മാർക്ക് തങ്ങളെ സൃഷ്ടിച്ച അല്ലാഹുവിൽ ദൃഢമായ വിശ്വാസമുള്ളതുകൊണ്ട്, ഈ എതിർപ്പിന്റെ കൊടുങ്കാറ്റിൽ അല്ലാഹു തങ്ങളെ തനിച്ചു വിട്ടേക്കുമെന്ന ഭയമൊന്നും അവർക്കുണ്ടാകുകയില്ല. അവരുടെ ഹൃദയത്തിൽ അല്ലാഹുവിനോടുള്ള പേടിയും ഭയവുമുള്ള കാരണത്താൽ അവർ പേടിച്ചും ഭയന്നും ഇരിക്കുന്നവരാണ്. എന്നാൽ എതിർപ്പിന്റെ കൊടുങ്കാറ്റ് വർധിക്കുന്തോറും അല്ലാഹു റഹ്മത്തിന്റേയും ഫള്‌ലിന്റേയും തണുത്തകാറ്റും അതേവേഗത്തിൽ, എന്നല്ല അതിലുമധികം വേഗത്തിൽ പ്രവാചകന്മാർക്കും അവരുടെ അനുയായികൾക്കുമായി അയക്കുന്നതുകൊണ്ട് അവർക്ക് ആശ്വാസത്തിനു ഹേതുവായി തീരുന്നു. എല്ലാ നബിമാരുടെയും ജീവിതത്തിൽ ഈ കാഴ്ച്ച നമുക്കുകാണാൻ കഴിയുന്നു. ഏറ്റവുമധികം നബി(സ)യുടെ ബദ്ർ യുദ്ധം മുതൽ മക്കാവിജയം വരെയുള്ള ജീവിതത്തിൽ ഈ കാഴ്ച്ച നമുക്കു കാണാൻ കഴിയുന്നു. ഞാനും എന്റെ ദൂതന്മാരും വിജയിക്കുമെന്നുള്ള ദൈവീക വാഗ്ദാനം തികഞ്ഞപ്രൗഢിയോടെ പൂർത്തിയാകുന്നത് നാം കാണുന്നു. അല്ലാഹുവിന്റെ ഈ സുന്നത്ത് ഇന്നും അവസാനിച്ചിട്ടില്ല. ഇന്നും അത് പൂർത്തിയാകുന്നത് നാം കാണുന്നു. ഇന്നും ഈ കാഴ്ച്ച കണ്ടിട്ട് അഹ്മദികളുടെ ഈമാനിലും യഖീനിലും വർദ്ധനവുണ്ടാകുന്നത് നാം കാണുന്നു. ഇന്നേക്ക് ഏകദേശം ഇരുപതുവർഷം മുമ്പേ, ഒരുനിയമം അനുസരിച്ച് അഹ്മദികളുടെ മേൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. ജമാഅത്തിന്റെ അഭിവൃദ്ധിയുടെ എല്ലാവഴികളും ശത്രുക്കൾ അടയ്ക്കാൻ ശ്രമിച്ചു. പിന്നീട്, ഹസ്രത്ത് മസീഹ് മൗഊദ് (അ) നോട് അല്ലാഹു ചെയ്ത വാഗ്ദാനമനുസരിച്ച് ശത്രുക്കളുടെ എല്ലാ നീക്കങ്ങളേയും പരാജയപ്പെടുത്തി. അത്ഭുതകരമായ നിലയിൽ ഹസ്രത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)തിരുമനസ്സിന് ലണ്ടനിൽ വരാനുള്ള സാഹചര്യം ഒരുക്കി. ശത്രുക്കൾ അവരുടെ മേഖലയിൽ, ഒരു രാജ്യത്ത് അഹ്മദിയ്യത്തിന്റെ വളർച്ചക്കുള്ള വഴിയടച്ചപ്പോൾ അല്ലാഹു പാക്കിസ്ഥാനുൾപ്പെടെ 175 ലേറെ രാജ്യങ്ങളിൽ അഹ്മദിയ്യത്തിന്റെ സന്ദേശമെത്തിക്കാനും ജമാഅത്ത് രൂപീകരിക്കാനുമുള്ള അവസരമൊരുക്കിത്തന്നു.

ഹസ്രത്ത് മസീഹ് മൗഊദി (അ) നോട് ചെയ്ത വാഗ്ദാനങ്ങളെ പൂർത്തീകരിച്ചുകാണിച്ചു. കാണിച്ചു കൊണ്ടിരിക്കുന്നു. യൂറോപ്പിലും തബ്‌ലീഗിനുള്ള വഴിതുറന്നു. അമേരിക്കയിലും ഏഷ്യയിലും ആഫ്രിക്കയിലും തബ്‌ലീഗിനുള്ള വഴിതുറന്നു. ആഫ്രിക്കൻ വൻകര വളരെ ഭാഗ്യവതിയാണ്. അവിടത്തെവാസികൾ അഹ്മദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്‌ലാം സ്വീകരിക്കുന്നതിൽ ഏറ്റവുമധികം ഉത്സാഹവും ആവേശവും പ്രകടിപ്പിച്ചു. പ്രകടിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇവരുടെ ഹൃദയങ്ങൾ നൂറെയഖീൻ കൊണ്ട്, ദൃഢവിശ്വാസത്തിന്റെ പ്രകാശം കൊണ്ട് നിറഞ്ഞിരിക്കുന്നു. ആത്മാർത്ഥതയുടെയും കൂറിന്റെയും തനിരൂപവുമാണ്. അവർ തങ്ങളുടെ വിശ്വാസത്തിൽ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുന്നു. അൽഹംദുലില്ലാഹ്. ഹസ്രത്ത് അഖ്ദസ് മസീഹ് മൗഊദ് (അ) പറയുന്നു: അല്ലാഹുവിൽ നിന്ന് ദൃഢതരമായ അറിവ് സമ്പാദിച്ചുകൊണ്ടു ഞാൻ പറയുന്നു, ഈ സകല മൗലവിമാരും അവരുടെ ആസ്ഥാന മണ്ഡപ ത്തിലിരിക്കുന്നവരും, അവരുടെ സിദ്ധന്മാരും സംഘടിച്ചുകൊണ്ട്, വെളിപാടുപരമായ, ഇൽഹാമു പരമായ കാര്യങ്ങളിൽ ഞാനുമായി മത്സരിക്കാൻ ആഗ്രഹിച്ചാൽ, അല്ലാഹു ഇവർക്കെല്ലാവർക്കുമെതിരിൽ എനിക്ക് വിജയം നൽകുന്നതാണ്. കാരണം ഞാൻ അല്ലാഹുവിൽ നിന്നുള്ളവനാകുന്നു. അതുകൊണ്ട്, ***കതബല്ലാഹു ലഅഗ്‌ലിബന്ന അന വറുസുലീ*** എന്ന പരിശുദ്ധ വചനമനുസരിച്ച് ഞാൻ വിജയിക്കേണ്ടത് അനിവാര്യമാണ്.

വീണ്ടും അവിടുന്നുപറയുന്നു: അല്ലാഹു ആദ്യമേതന്നെ വിധിയെഴുതിരിക്കുന്നു. അത് തന്റെ നിയമവും നടപടി ക്രമവുമാണെന്ന് നിശ്ചയിച്ചിരിക്കുന്നു; അതായത് അവനും അവന്റെ റസൂലും വിജയിക്കുകതന്നെചെയ്യും. കാരണം ഞാൻ അവന്റെ റസൂൽ അതായത് ദൂതനാകുന്നു; എന്നാൽ, പുതിയൊരു ന്യായപ്രമാണമോ വാദമോ പുതിയ പേരോ ഇല്ലാതെ. പ്രത്യുത ആദരണീയരായ ആ നബിതങ്ങൾ ഖാത്തമുൽ അമ്പിയായുടെ നാമം പ്രാപിച്ചുകൊണ്ട്, അദ്ദേഹത്തി ലായികൊണ്ട് അദ്ദേഹത്തിന്റെ പ്രതീകമായികൊണ്ട് വന്നിരിക്കുന്നു. അതുകൊണ്ട് ഞാൻ പറയുന്നു, ലോകാരംഭം അതായത് ആദമിന്റെ കാലം മുതൽ നബി (സ) തിരുമേനിയുടെ കാലം വരെ എപ്പോഴും ഈ

വചനത്തിന്റെ പൊരുൾ സത്യമായി പുലർന്നു വന്നിട്ടുണ്ട്. അപ്രകാരംതന്നെ ഇപ്പോഴും അതെനിക്ക് സത്യമായി പുലരുന്നതാണ്.

അതുകൊണ്ട് ഹസ്രത്ത് മസീഹ് മൗഊദ് (അ) പറഞ്ഞതുപോലെ, അല്ലാഹു പ്രവാചകന്മാരോട് വാഗ്ദാനം ചെയ്തിട്ടുണ്ട് അവൻ അവരെ വിജയിപ്പിക്കുമെന്ന്. ഹസ്രത്ത് മസീഹ് മൗഊദ് (അ) ഉം ദൈവ നിയോഗിതനാണ്. ആ മഹാത്മാവിനോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നത് അദ്ദേഹത്തിനും അദ്ദേഹത്തിന്റെ ജമാഅത്തിനും ഇൻശാഅല്ലാഹ് തീർച്ചയായും വിജയം നൽകുമെന്നാണ്. അല്ലാഹു അവന്റെ നിയമമനുസരിച്ച് ഓരോ പ്രവൃത്തിക്കും ഒരു സമയം നിശ്ചയിച്ചിട്ടുണ്ട്. പ്രവാചകന്മാർ ലോകത്ത് വരുന്നു. വിത്തുവിതച്ച് അവർ തിരിച്ചു പോകുന്നു. പിന്നീട് അല്ലാഹു സത്യ വിശ്വാസികളുടെ ജമാഅത്തുമുഖേന, ഖിലാഫത്തു വ്യവസ്ഥിതിയിലൂടെ അതിന്റെ വ്യാപനത്തിൽ വർദ്ധനവു വരുത്തിക്കൊണ്ടിരിക്കുന്നു. അത്തരം കാഴ്ച്ചകൾ നാലാം ഖിലാഫത്തിന്റെ കാലത്തും അല്ലാഹു നമുക്ക് കാണിച്ചുതന്നു. അതിനുമുമ്പേയും കാണിച്ചിരുന്നു. അസാധാരണമായ നിലയിൽ നാലാം ഖിലാഫത്ത് കാലത്ത് ജമാഅത്തിന്റെ സ്ഥാപനവും, കൂട്ടത്തോടെ ജനങ്ങൾ ജമാഅത്തിൽ പ്രവേശിക്കുന്ന കാഴ്ച്ചയും നമുക്ക് കാണാൻ കഴിഞ്ഞു. ഹുസൂർ (റഹ്) യ്ക്ക് അല്ലാഹുതഅലാ ഫ്രാങ്കോ ഫോൺ ആഫ്രിക്കൻ രാഷ്ട്രങ്ങളിൽ അഹ്മദിയ്യത്ത് വിശാലമായ നിലയിൽ പരക്കുമെന്നുള്ള സുവാർത്ത അറിയിച്ചിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിനുശേഷം മുതൽ അവിടെ ജമാഅത്തുകൾ വളരെ പെട്ടെന്ന് നിലവിൽ വന്നു. അതിനെകുറിച്ച് മുമ്പേ ചിന്തിക്കാനേ കഴിയുമായിരുന്നില്ല. എന്തായാലും ഇക്കാര്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട്, പുതിയതായി വരുന്നവരെ കാണുന്നതിനും ഞാൻ ചില ആഫ്രിക്കൻ രാജ്യങ്ങളിൽ, ഘാന, ബുർക്കിനാഫാസോ, ബെനിൻ, നൈജീരിയ എന്നീരാജ്യങ്ങളിൽ പര്യടനം നടത്താൻ പരിപാടിയിട്ടു. ഇതിൽ ബുർക്കിനഫാസോയും ബെനിനും ഫ്രാങ്കോ ഫോൺ രാഷ്ട്രങ്ങളാണ്. ഫ്രെഞ്ച് ഭാഷ ഇവിടെ സംസാരിക്കുന്നു. എം.ടി.എ മുഖേന ചിലവാർത്തകൾ ജനങ്ങൾക്ക് കിട്ടികൊണ്ടിരുന്നു. അക്കാരണത്താൽ തന്നെ ലോകത്തിന്റെ മുഴുവൻ ഭാഗങ്ങളിലുമുള്ള അഹ്മദികളിൽ നിന്ന് സന്തോഷം പ്രകടിപ്പിച്ചും ആശംസകൾ നേർന്നു കൊണ്ടുമുള്ള സന്ദേശം ലഭിച്ചുകൊണ്ടിരുന്നു. യഥാർത്ഥത്തിൽ ആശംസകൾക്കർഹർ ഹൃദയം ദൃഢവിശ്വാസത്തിന്റെ പ്രകാശം കൊണ്ട് നിറഞ്ഞിരിക്കുന്ന ആ ആഫ്രിക്കൻ സഹോദരന്മാരും സഹോദരിമാരുമാണ്. അല്ലാഹു നമ്മുടെ ഈമാനും യഖീനും വർദ്ധിപ്പിച്ചു കൊണ്ടിരിക്കുന്നതിനുവേണ്ടി ലോകത്തുള്ള എല്ലാ അഹ്മദികളും ദുആ ചെയ്യേണ്ടതാണ്. ഈ യാത്രയുടെ വിവരങ്ങൾ എന്നിൽ നിന്ന് കേൾക്കാൻ മിക്കവരും ആഗ്രഹിക്കുന്നുണ്ട്. ആദ്യന്തമുള്ള യാത്രാവിവരണം പറയുക പ്രയാസമുള്ള കാര്യമാണ്. നേരിട്ട് അനുഭവിച്ചറിഞ്ഞതും വൈകാരികവുമാണ് ചിലത്. അത് വിവരണാതീതമാണ്. എങ്കിലും യാത്രയുടെ സംക്ഷിപ്താവസ്ഥ ഞാൻ ഇന്ന് വിവരിക്കുന്നതാണ്. ഏറ്റവുമാദ്യം ലോകത്തുള്ള എല്ലാ അഹ്മദികൾക്കും ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. പര്യടനത്തിനു പുറപ്പെടുന്നതിനുമുമ്പേ യാത്ര എല്ലാവിധത്തിലും വിജയപ്രദമാകുന്നതിനു വേണ്ടി ഞാൻ ആഹ്വാനം ചെയ്തിരുന്നു. ജമാഅത്തംഗങ്ങളുടെ സ്വീകാര്യമായ പ്രാർത്ഥനയുടെ കാഴ്ച്ചകൾ ഓരോ ചുവടുവെപ്പിലും ഞങ്ങൾ കണ്ടുകൊണ്ടിരുന്നു. മനുഷ്യ സങ്കൽപ്പത്തിനതീതമായി അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ മഴ വർഷിക്കുകയുണ്ടായി. അല്ലാഹുതആലാ ഹസ്രത്ത് മസീഹ്മൗഊദിനോട് ചെയ്തവാഗ്ദാനങ്ങളും അറിയിച്ച സുവാർത്തകളുമനുസരിച്ച് വിജയം എന്തായാലും ഉണ്ടാകേണ്ടതുതന്നെയായിരുന്നു. എന്നാൽ ആ കാഴ്ചകൾ അല്ലാഹു നമുക്ക് കാണിച്ചു തന്നുവെന്നത് അവന്റെ ഔദാര്യമാണ്; നമ്മുടെ ജീവിതത്തിൽ നമുക്കുകാണിച്ചുതന്നു. പര്യടനത്തിനു മുമ്പേ പലരും സുവാർത്ത അറിയിക്കുന്ന രീതിയിൽ സ്വപ്നങ്ങളും കണ്ടിരുന്നു. ആഫ്രിക്കയിൽ പര്യടനം നടത്താൻ പോകുകയാണെന്ന് ചിലർക്ക് മുമ്പേ അറിയാമായിരുന്നു. അവർ ദുആ ചെയ്തുകൊണ്ടിരു ന്നു. ആ അവസരത്തിൽ അവർ നല്ല സ്വപ്നങ്ങൾ കണ്ടു. എന്നാൽ ചിലർക്ക് ഈ യാത്രയെ കുറിച്ച് അറിയുകയില്ലായിരുന്നു. എന്തായാലും അതുകൊണ്ട് ഈ യാത്ര എല്ലാതരത്തിലും അല്ലാഹു അനുഗ്രഹീതമാക്കുമെന്ന് എനിക്ക് വിശ്വാസമുണ്ടായിരുന്നു. ഇതിന് നമ്മൾ അല്ലാഹുവിൽ എത്രശുക്ർ ചെയതാലും അത് കുറവായിരിക്കും. അൽഹംദുലില്ലാഹ്.

ഇവിടെ നിന്ന് പുറപ്പെട്ട് ഞങ്ങൾ അക്ര വിമാനത്താവളത്തിലെത്തിയപ്പോൾ, വെള്ള ഉറുമാലുകൾ ഉയർത്തി വീശിക്കൊണ്ടു ഞങ്ങളെ സ്വീകരിക്കാൻ നില്ക്കുന്ന ഒരു വൻ ജനാവലിയെയാണ് കണ്ടത്. ഞാൻ വിമാനത്തിൽ നിന്ന് ഇറങ്ങാൻ തുടങ്ങുമ്പോൾ, വിമാനത്തിന്റെ പൈലറ്റ് എന്റെയടുത്തുവന്നു. ബ്രിട്ടീഷ് എയർവയ്സിന്റെ വിമാനമായിരുന്നു അത്. അദ്ദേഹത്തിന് ആദ്യമെ അതിനെകുറിച്ച് അറിയാമായിരുന്നോ, അതല്ല സ്വയം കണക്കുകൂട്ടി മനസ്സിലാക്കിയതാണോ എന്നെനിക്കറിയില്ല. എന്തായാലും 'അങ്ങയുടെ ആളുകൾ അങ്ങയെ സ്വീകരിക്കാൻ വേണ്ടി എത്തിയിരിക്കുന്നു' വെന്ന് അദ്ദേഹം വന്നു പറഞ്ഞു. അസാധാരണമായ ആവേശവും ഉത്സാഹവും അവിടെ അലതല്ലുന്നത് ഓരോരുത്തരും കണ്ടു. വിമാനത്തിൽ നിന്ന് ഞാൻ ഇറങ്ങുന്നതിന് മുമ്പേ മറ്റു യാത്രക്കാരും ജനലിലൂടെ എത്തിയെത്തി നോക്കുന്നതു കണ്ടു. ഘാന ജമാഅത്ത് മാശാഅല്ലാഹ് പര്യടനങ്ങളും കൂടിക്കാഴ്ചകളും മീഡിയകളുമൊക്കെയായി ഒരുപാട് പരിപാടികൾ തയ്യാറാക്കിയിരുന്നു. ഇതിനെക്കുറിച്ച് എം ടി ഏയിലൂടെ കുറച്ച് കാര്യങ്ങൾ നിങ്ങൾ അറിഞ്ഞിട്ടുണ്ട്. ഞാൻ താമസിക്കുകയോ എനിക്ക് നേരിട്ടറിയുകയോ ചെയ്യുന്ന ചില സ്ഥലങ്ങളെക്കുറിച്ച്, അവിടെ എന്തെന്തെല്ലാം മാറ്റങ്ങൾ കണ്ടു എന്നതിനെക്കുറിച്ച് സംക്ഷിപ്തമായി പറയാം.

എത്തിയതിന്റെ അടുത്തദിവസം രണ്ടു സ്കൂളുകളും ഒരു ആശുപത്രിയും ഘാനയിലെ ജാമിഅ അഹ്മദിയ്യായും ഞാൻ സന്ദർശിച്ചു. അന്നേദിവസം ഏകദേശം ഇരുന്നൂറ് മുന്നൂറ് കിലോമീറ്റർ യാത്രചെയ്തിട്ടുണ്ടാകും. അവിടെ ജാമിഅ അഹ്മദിയ്യാ ഇപ്പോൾ ആരംഭിച്ചതാണ്. ഞാൻ മുമ്പ് അവിടെ ഉണ്ടായിരുന്നപ്പോൾ ഇത് സോൾപോങ്ങ് എന്ന സ്ഥലത്തായിരുന്നു. അന്ന് കുറച്ച് സ്ഥലമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ വളരെ വിശാലമായ സ്ഥലമാണ്. ഒരുപാട് കെട്ടിടങ്ങളും നിർമ്മിച്ചിട്ടുണ്ട്. ക്ലാസു

കളുണ്ട്, ഹോസ്റ്റലുണ്ട്, സ്റ്റാഫ് ക്വാർട്ടേഴ്സുണ്ട്. വികസനപ്രവർത്തനം ഇപ്പോൾ നടന്നുവരികയാണ്. ഘാനയിലെ വിദ്യാർത്ഥികൾക്കുപുറമെ, ജാമിഅ സൗകര്യമില്ലാത്ത മറ്റു ആഫ്രിക്കൻ രാജ്യങ്ങളിലെ വിദ്യാർത്ഥികളും ഇവിടെ പഠിച്ചുവരുന്നു. അല്ലാഹുതആല ദീനിന്റെ അറിവ് സമ്പാദിക്കുന്നതിനും വഖ്ഫിന്റെ റൂഹ് ഉൾക്കൊണ്ടുകൊണ്ട് അത് മുന്നോട്ട് പരത്തുന്നതിനും ഇവർക്ക് തൗഫീഖ് നല്കുമാറാകട്ടെ.

സൂലോയിലും മാശാഅല്ലാഹ് വലിയ വളർച്ച ഉണ്ടായിട്ടുണ്ട്. ഞാനവിടെ ഉണ്ടായിരുന്നപ്പോൾ ഇന്നുകാണുന്ന ഈ വളർച്ചയെകുറിച്ച് അതായത് ഇത്രയിത്ര കെട്ടിടങ്ങൾ ഉണ്ടാകുമെന്നോ, ഇത്രപ്പെട്ടെന്ന് ഇത്രയേറെ അഭിവൃദ്ധിപ്പെടുമെന്നോ ചിന്തിക്കാൻ പോലുമാകുമായിരുന്നില്ല. ഈ യാത്രയിൽ രണ്ടുപള്ളികൾ ഉത്ഘാടനം ചെയ്തു. ആദ്യകാല മുബല്ലിഗുമാർ പ്രവർത്തിച്ചിരുന്ന സോൾപോഞ്ചിലും ഞാൻ കാണാൻ പോയി. ആ ത്യാഗീവര്യന്മാരുടെ ത്യാഗത്തിന്റെ ഫലമാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മളിന്ന് തിന്നുകൊണ്ടിരിക്കുന്നത്. ഇവരിൽ ഹക്കീം ഫള്ലുർറഹ്മാൻ സാഹിബ്, മൗലാനാ നദീർ അഹ്മദ് ദഹ്ലവി സാഹിബ്, മൗലാനാ നദീർ മുബശ്ശിർ സാഹിബ് തുടങ്ങിയവർ പ്പെടുന്നു. സോൾപോഞ്ചിലെ മനോഹരമായ പള്ളിയും മിഷൻ ഹൗസും കാണുമ്പോൾ അത്ഭുതം തോന്നുന്നു. സാമ്പത്തികവും മറ്റുമായ എല്ലാ കുറവുകളുമുണ്ടായിട്ടും ഇത്ര മനോഹരവും ഉന്നതകിടയിലുള്ളതുമായ കെട്ടിടങ്ങൾ എങ്ങനെയാണ് ഈ മുബല്ലിഗ് മാർക്ക് നിർമിക്കാൻ സാധിച്ചത്!

അക്രയിലെ ഹെഡ്ക്വാർട്ടറിലായിരുന്നു ഞങ്ങൾ താമസിച്ചത്. ഇവിടെയും ചിലകെട്ടിടങ്ങളുടെ ഉത്ഘാടനം നടന്നു.1985 ൽ ഞാനിവിടെ വന്നപ്പോൾതന്നെ, അക്രമിഷൻഹൗസിനോട് ചേർന്ന് വലിയൊരു പള്ളിയുമുണ്ടായിരുന്നു. ഇപ്പോൾ അവരതിനെ ഇരുനിലയാക്കി. അങ്ങനെ ആദ്യത്തേതിനെക്കാൾ മൂന്നിരട്ടി വലുപ്പം ഇപ്പോൾ ആ പള്ളിക്കുണ്ട്.

എന്നാൽ, ഇപ്പോഴത്തെ ഈ പര്യടനത്തിൽ ഘാന അമീർ സാഹിബിന് ഈ പള്ളിയും ചെറുതായിപ്പോയെന്ന് തോന്നിയിട്ടുണ്ടാകും. ദൈവിക വാഗ്ദാനമനുസരിച്ച് ജമാഅത്ത് ഇൻശാഅല്ലാഹ് വ്യാപിക്കേണ്ടതുണ്ട്. എത്ര വലിയ പള്ളികൾ നിർമ്മിച്ചാലും അത് ചെറുതായിക്കൊണ്ടേയിരിക്കും. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹം സ്വരുക്കൂട്ടുന്നതിന് വേണ്ടി ത്യാഗമനോഭാവത്തോടെ അല്ലാഹുവിന്റെ ഭവനങ്ങൾ നിർമ്മിക്കുന്നതിലേക്ക് ശ്രദ്ധിക്കുകയും ആഗ്രഹിക്കുകയും ചെയ്താൽ തടഞ്ഞുനിറുത്താൻ പറ്റാത്തവിധം അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ മഴ വർഷിക്കുന്നതാണ്.

ഈ പര്യടനത്തിന്നിടയിൽ അക്രയിലാണ് താമസിച്ചത്. പിന്നീട് ഘാന പ്രസിഡന്റുമായി കൂടിക്കാഴ്ച നടന്നു. ആദ്യം നാട്ടുവർത്തമാനങ്ങളാണ് പറഞ്ഞിരുന്നത്. കാരണം ഇവർ പൊതുവെ പ്രകൃത്യാ പാരമ്പര്യകാര്യങ്ങളെ ശ്രദ്ധിച്ചുപോരുന്നവരാണ്. എന്തായാലും അതിനുശേഷം മറ്റുകാര്യങ്ങളും സംസാരിച്ചു. ഇടയ്ക്കിടെ പ്രസിഡന്റ് സാഹിബ് തന്റെ രാജ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി പ്രാർത്ഥിക്കാനപേക്ഷിച്ചുകൊണ്ടിരുന്നു.

പിന്നീടുള്ളത് ജലസപരിപാടികളാണ്. അത് നിങ്ങൾ കണ്ടിട്ടുള്ളതാണ്. എന്നാൽ, ഞാൻ ജുമുഅ നമസ്ക്കാരത്തിനു ശേഷം സലാം പറയുന്നതിനുവേണ്ടി ലജ്നയുടെ ഭാഗത്തേക്ക് പോയപ്പോഴുള്ള കാഴ്ച്ചകൾ കാണേണ്ടതുതന്നെയാണ്. അതു എത്തിക്കാൻ കഴിഞ്ഞില്ല എന്നതിൽ വിഷമമുണ്ട്. നിങ്ങൾക്കത് തൽസമയം കാണാൻ കഴിഞ്ഞില്ല. ഘാനാ ടെലിവിഷൻ തൽസമയ സംപ്രക്ഷണചുമതല ഏറ്റെടുത്തതാണ് അതിനുകാരണം. എം.ടി.എയ്ക്ക് സംപ്രഷണം ചെയ്യാൻ അനുവാദമുണ്ടായില്ല. അതുകൊണ്ട് ബുദ്ധിമുട്ടായി. എന്തായാലും, ആരെങ്കിലും അത് ഫിലിമിൽ പകർത്തിയിട്ടുണ്ടാകും. ആവേശം, ചീറ്റിചീറ്റി പുറത്തുവരുന്നതുപോലെ തോന്നി. അല്ലാഹുവിനെ സ്തുതിക്കലും, ആത്മാർത്ഥതയുടേയും, കൂറിന്റെയും പ്രകടനവും, അവിടെ കണ്ടത് വിവരണാതീതമാണ്. മുഖങ്ങളിൽ നിന്നുള്ള സന്തോഷത്തിന്റെ വെളിപ്പെടൽ വിവരിക്കാൻ വാക്കുകളില്ല. ഖുമാസിലെ പള്ളിഅങ്കണത്തിൽ തടിച്ചുകൂടിയ സ്ത്രീകളുടെയും പുരുഷൻമാരുടെയും പ്രകടനം അല്പം കാണിച്ചത് നിങ്ങൾ കണ്ടിട്ടുണ്ടാകും. ജൽസയിലാണോ ഖുമാസിലെ പള്ളിയിലാണോ ഈപ്രകടനം കൂടുതൽ ഉണ്ടായത് എന്ന് കണക്കുകൂട്ടാൻ പ്രയാസമാണ്.

ജലസക്കു ശേഷം നൂറോളം ഇമാമുമാരായും, ചീഫുമാരായും കൂടിക്കാഴ്ച്ചനടന്നു. അവർ അഹ്മദികളായികഴിഞ്ഞു. അവരോടൊപ്പം വലിയൊരു ജനതയും അഹ്മദിയത്ത് സ്വീകരിച്ചുകഴിഞ്ഞു. ഇപ്പോൾ ഹസ്രത്ത് മസീഹ് മൗഊദ്(അ) ന്റെ സന്ദേശം(മുഹമ്മദ് മസീഹിന്റെ സന്ദേശം) തങ്ങളുടെ നാടുകളിൽ എത്തിച്ചുകൊണ്ടിരിക്കുന്നു.

ഘാനയിലെ മറ്റൊരു വലിയ പട്ടണമാണ് ഖുമാസി. ഖുമാസിയ്ക്കടുത്തുള്ള ജമാഅത്ത് ദാഊനെ ഇലല്ലായ്ക്ക് ട്രെയിനിംഗും നവഅഹ്മദികളിൽ നിന്ന് തിരഞ്ഞെടുത്ത ആളുകൾക്ക് തർബിയത്തും കൊടുക്കുന്നതിനുവേണ്ടി അഹ്ദിയ്യത്ത് അഥവാ യഥാർത്ഥ ഇസ്ലാമിന്റെ പാഠം മനസ്സിലാക്കി തങ്ങളുടെ നാട്ടിൽ പോയി പുതിയതായി വരുന്നവർക്ക് അവർ അതു പഠിപ്പിക്കുന്നതിന് വേണ്ടി രണ്ടുകെട്ടിടങ്ങൾ നിർമിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങളുടെ നിർമാണ ചിലവും മുഖിലിസായ ഒരഹ്മദിയാണ് വഹിച്ചിട്ടുള്ളത്. ഏകദേശം എല്ലാചെലവും. ഇതിനോട് ചേർന്ന് താഹിർ ഹോമിയോപ്പതി കോംപ്ലക്സുമുണ്ട്. മരുന്നുകൾ തയ്യാറാക്കുന്നതിനുള്ള ലബോറട്ടറിയും കുപ്പികൾ നിർമ്മിക്കുന്നതിനുള്ള ചെറിയൊരു ഫാക്ടറിയുമുണ്ട്. മാശാഅല്ലാഹ് ഈസ്ഥാപനവും മനുഷ്യർക്ക് വലിയ സേവനം ചെയ്തുവരുന്നു.

വിവിധ പട്ടണങ്ങളിൽ, പള്ളികൾ, സ്കൂളുകൾ ആശുപത്രികൾ തുടങ്ങിയവയുണ്ട്. ചുരുക്കിപറഞ്ഞാൽ ഘാനയിൽ ഈ പര്യടനവേളയിൽ പതിമൂന്നു പള്ളികൾ ഉത്ഘാടനം ചെയ്തു. രണ്ടെണ്ണത്തിന് തറക്കല്ലിട്ടു. ഏഴു വിവിധ കെട്ടിടങ്ങൾ ഉത്ഘാടനം ചെയ്യുകയോ തറക്കല്ലിടുകയോ ചെയ്തു. ഘാനയുടെ വടക്കൻ പ്രദേശത്തുള്ള ഒരു വലിയ പട്ടണമാണ് മാലി. ഇവിടെ മുസ്ലീംകളാണ് അധികവും. ഇവിടെ ഒരു വലിയ ഇരുനില പള്ളി ഉത്ഘാടനം ചെയ്തു. കുറച്ചുവർഷം മുമ്പേ ഇങ്ങനെയൊരു വലിയ പള്ളി ഇവിടെ ഉയരുമെന്നോ നമസ്ക്കരിക്കാൻ ആളുകൾ വരുമെന്നോ ഊഹിക്കാനെ കഴിയുമായിരുന്നില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ആ നാട്ടിൽ ബൈഅത്തും ഒരുപാടു

നടന്നിട്ടുണ്ട്. അൽഹംദുലില്ലാഹ്. ഇവിടേയും ജമാഅത്ത് വളരെ വേഗത്തിൽ വ്യാപിച്ചു കൊണ്ടിരിക്കുന്നു. ഇവിടെ രണ്ടുപേർ ബൈഅത്ത് ചെയ്യണമെന്ന് ആഗ്രഹം പ്രകടിപ്പിച്ചു. അങ്ങനെ അവർ ജമാഅത്തിൽ പ്രവേശിച്ചു. അവർ നമ്മുടെ സംഘത്തിന്റെ പണിയിൽ ഉണ്ടായിരുന്നു. നമ്മുടെ പ്രവർത്തനം കണ്ടപ്പോൾ അഹ്മദിയത്ത് സ്വീകരിക്കുകയല്ലാതെ നിർവാഹമില്ലെന്ന് അവർ പറഞ്ഞു. അങ്ങനെ അവർ നേരിട്ട് ബൈഅത്ത് ചെയ്തു. മഗ്രിബ് ഇശാ നമസ്ക്കാരത്തിനു ശേഷം ബാക്കിയുള്ളവരും ബൈഅത്ത് ചെയ്തു. അവിടെ നിന്ന് ബുർക്കിനോഫാസായിലേക്ക് റോഡുമാർഗ്ഗമാണ് ഞാൻ പോയത്. വഴിയിൽ രണ്ടുപള്ളികൾ ഉത്ഘാടനവും ചെയ്തു. ഒരുപള്ളി ഘാനാ അതിർത്തിയിൽ നിന്ന് അൽപ്പം ദൂരത്താണ് സ്ഥിതി ചെയ്യുന്നത്. ഒരുമുഖ്ലിസായ അഹ്മദി സ്വന്തം ചെലവിലാണ് ഈപള്ളി നിർമ്മിച്ചത്. അതിർത്തിയായതു കൊണ്ട് വന്നുംപോയുമിരിക്കുന്ന ധാരാളമാളുകളുണ്ട്. പൊതുവായി നോക്കുമ്പോൾ ഇരുഭാഗത്തും മുസ്ലിം കളാണ് വസിക്കുന്നത് അവരുടെ ദൃഷ്ടി നമ്മുടെ പള്ളിയിൽ തീർച്ചയായും പതിക്കുന്നതാണ്. അതുകൊണ്ട് നമസ്ക്കരിക്കാൻ അവർ നമ്മുടെ പള്ളിയിൽ വരുന്നു. റോഡുമാർഗ്ഗം പോകാനുള്ള പ്രോഗ്രാമും അല്ലാഹുവിന്റെ പ്രത്യേകമായ വിധിയാലാണുണ്ടായതെന്നു തോന്നുന്നു. കാരണം, ആദ്യം ഘാനക്കാർ പ്രോഗ്രാം തയ്യാറാക്കിയിരുന്നു. അത് അംഗീകരിക്കുകയും ചെയ്തതാണ്. ഘാനയുടെ വടക്കേ അതിർത്തിവരെ എത്തിയതിനു ശേഷം അക്രയിൽ തിരിച്ചെത്തി വിമാനമാർഗ്ഗം ബുർക്കിനോഫാസോയിലേക്ക് പോകാമെന്നായിരിന്നു നിശ്ചയിച്ചിരുന്നത്. എന്നാൽ നിത്യവും അവിടെ നിന്ന് ഫ്ളയ്റ്റ് ഉണ്ടായിരുന്നില്ല. രണ്ടുദിവസമേ ഫ്ളയ്റ്റുണ്ടായിരുന്നുള്ളു. അതിലൊന്ന് വെള്ളിയാഴ്ച്ചയായിരിന്നു. വഖീലുത്തബ്ശീർ മാജിദ് സാഹിബ്, ജുമുഅ പെട്ടെന്ന് നമസ്ക്കരിച്ച് ഉടനേ വിമാനത്താവളത്തിൽ പോകേണ്ടി വരുമെന്ന് പറഞ്ഞു. എനിക്കതു നന്നായി തോന്നിയില്ല. അങ്ങനെ പോകേണ്ടെന്ന് ഞാൻ പറയുകയും ചെയ്തു. അവർ പരിപാടിയിൽ ഉൾപെടുത്തിയിട്ടില്ലാത്ത എനിക്കറിയുന്ന ചിലപട്ടണങ്ങളുണ്ടായിരുന്നു. അതും കണ്ടിട്ട് നമുക്ക് റോഡുമാർഗ്ഗം പോകാമെന്ന് ഞാൻ പറഞ്ഞു. അതിന്റെ ഫലമായി ചില പള്ളികളുടെ ഉൽഘാടന കർമ്മം നടത്താൻ കഴിഞ്ഞു. ലണ്ടനിൽ നിന്ന് പുറപ്പെടുന്നതിനു കുറച്ചു ദിവസം മുമ്പേ മാജിദ് സാഹിബ്, ബുർഖിനോഫാസോയിലെ മുബല്ലിഗ് സാഹിബ് ഖലീഫത്തുൽ മസീഹ് റാബിഅ് കണ്ട ഒരു സ്വപ്നം ഓർമ്മിപ്പിച്ചിരുന്നുവെന്ന് പറഞ്ഞിരുന്നു. അത് മാജിദ് സാഹിബിനും ഓർമ്മവന്നു. ഹുസൂർ കാർ മാർഗ്ഗം ഘാന യിൽ നിന്ന് ബുർക്കിനാഫാസോയിൽ പ്രവേശിക്കുന്നതായിട്ട് സ്വപ്നം കണ്ടിരുന്നു. അതിർത്തിയിലോ അതിർത്തികഴിഞ്ഞോ ഇസ്മായിൽ എന്നൊരാളെയും ഹുസൂർ കണ്ടു: അവിടെ ഇസ്മായിൽ എന്നുപേരുള്ള ഒരഹ്മദി ഉണ്ടായിരിന്നു. അദ്ദേഹത്തിന്റെ ചിത്രവും തിരിച്ചറിയുന്നതിനായി ഹുസൂർ (റഹ്)വരുത്തിച്ചിരുന്നു. അദ്ദേഹത്തെ ഇപ്പോൾ കണ്ടുമുട്ടിയോ ഇല്ലേ എന്നറിയില്ല. എന്തായാലും ഞങ്ങൾ കാർ മാർഗ്ഗം ബുർക്കിനാഫാസോയിൽ പേകേണ്ടതും ഒരു ദൈവീക വിധിയായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത് ഞങ്ങളുടെ സംഘത്തിൽ ഇസ്മായിൽ എന്ന പേരുകാരനായ ഒരു ഡ്രൈവറും ഉണ്ടായിരുന്നു എന്നത് അത്ഭുതകരമായൊരു കാര്യമാണ്. കുറച്ചു സമയം അദ്ദേഹം ഞാനിരുന്നവണ്ടിയും ഓടിച്ചിരുന്നു. ഈരാജ്യത്ത് നമ്മുടെ മുബല്ലിഗ്മാരും വളരെ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. അവിടെ ചെന്നാൽ യഥാർത്ഥത്തിൽ ഇവർ ത്യാഗം വരിക്കുന്നുവെന്ന് മനസ്സിലാകുന്നതാണ്.

അതിർത്തികഴിഞ്ഞ് ബുർക്കിനാഫാസോയിൽ പ്രവേശിച്ച് അൽപ്പം കിലോമീറ്റർ യാത്രകഴിയുമ്പോൾ ആദ്യത്തെ ടൗണിലെത്തും. അവിടത്തെ ഹൈകമ്മീഷണർ ഞങ്ങളെ സ്വീകരിക്കാൻ എത്തിയിരുന്നു. പിന്നീട് ജൽസയും വളരെ വിജയകരമായി സമാപിച്ചു. 15 വർഷം മുമ്പേയാണ് ഇവിടെ ജമാഅത്ത് രജിസ്റ്റർ ചെയ്തത്. പക്ഷേ ജമാഅത്തംഗങ്ങളുടെ ഈമാനിലും ആത്മാർത്ഥതയിലുമുള്ള വളർച്ച കാണുമ്പോൾ അല്ലാഹുവിനോടുള്ള സ്തുതി കൊണ്ട് ഹൃദയം നിറയുകയാണ്.

ഇവിടെ ഫ്രഞ്ച് സംസാരിക്കുന്നവരാണുള്ളത്. അതുകൊണ്ട് ഇവിടെ നടന്ന പരിപാടികൾ തർജമ ഫ്രഞ്ചുഭാഷയിലേക്കും മറ്റൊരു പ്രാദേശികഭാഷയി ലേക്കും തർജമ ചെയ്തിരിന്നു.

ജൽസയ്ക്കുശേഷം ഞങ്ങൾ ഡോറിയിലേക്ക് പോയി. അവിടേയും ചെറിയ ചെറിയ പരിപാടികൾ സംഘടിപ്പിച്ചിരിന്നു. ജനങ്ങൾ വന്നിരുന്നു. ദരിദ്രരായ ആളുകളാണ്. അധികവും വഹാബികളാണ് അവരിൽ നിന്നുള്ളവരാണ് അഹ്മദിയ്യത്ത് സ്വീകരിച്ചിട്ടുള്ളത്. ഇവിടെയും സ്കൂളിനു തറക്കല്ലിട്ടു. അങ്ങോട്ടേയ്ക്കുള്ള വഴി കുറച്ചു ദൂരം ദുർഘടമായിരിന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖകരമായി ഞങ്ങൾ അവിടെയെത്തി. എങ്കിലും തിരിച്ചു വരുമ്പോൾ വണ്ടിമറിഞ്ഞ് ഒരപകടമു ണ്ടായി. വണ്ടിയിൽ രണ്ടുമുബല്ലിഗുമാരും ഞങ്ങളുടെ സംഘത്തിലെ രണ്ടുപേരുമാണ് യാത്രചെയ്തിരുന്നത്. പക്ഷേ, അല്ലാഹു അനുഗ്രഹിച്ചു. വണ്ടിമറിഞ്ഞെങ്കിലും ആർക്കും ഒന്നും സംഭവിച്ചില്ല. അത്ഭുതകരമായ നിലയിൽ അല്ലാഹു അവരെ എല്ലാവരേയും രക്ഷിച്ചു.

ബുർക്കിനോഫസോയിൽ പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച്ച നടന്നു. പ്രസിഡന്റുമായി കൂടിക്കാഴ്ച്ച നടത്തി. കൃഷിയിൽ അദ്ദേഹത്തിന് കൂടുതൽ താൽപര്യമുണ്ടായി രുന്നു. അതുകൊണ്ട് ഒരുപാടു നേരം ഇരുത്തി. അനുവാദം ചോദിക്കാൻ ഞാൻ ശ്രമിച്ചുവെങ്കിലും ഒരുപാടുനേരം അദ്ദേഹം സംസാരിച്ചുകൊണ്ടിരുന്നു.

അവടെ ഇന്തിലൈൻ എന്നൊരുസ്ഥലമുണ്ട് ആ സ്ഥലവുമായിട്ട് ഒരു സമുദ്രത്തിനും ബന്ധമില്ല. സഹാറായുടെ അടുത്താണ് ഇതുസ്ഥിതി ചെയ്യുന്നത്. ഇവിടെ മഴയും വളരെ കുറവാണുണ്ടാകുന്നത്. അധികം മഴ ഉണ്ടാകാറില്ല. പക്ഷെ, ഒരുകാര്യം എനിക്കവിടെ വളരെ നല്ലതായി തോന്നി. അവർ ചെറിയ തടാകങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. മഴപെയ്യുമ്പോൾ അതിൽ വെള്ളം വന്നുചേരും. മഴ നിലച്ചിട്ട് അഞ്ചാറുമാസം കഴിഞ്ഞിരുന്നു.എങ്കിലും ഈതടാകങ്ങളിൽ വെള്ളമു ണ്ടായിരുന്നു. ഇവർ പരിശ്രമശാലികളാണെന്ന് ഇതിൽ

നിന്ന് വ്യക്തമാണ്. ഈ രാജ്യം അഭിവൃദ്ധിപ്പെടും ഇൻശാഅല്ലാഹ്.

ബുർക്കിനോഫാസോയിലും നിത്യേന നടന്ന എന്റെ പരിപാടികൾ ദേശീയ ടിവിയിലും, റേഡിയോയിലും, പത്രങ്ങളിലും വന്നിരുന്നു. ബുർക്കിനോഫാസോയിൽ മൂന്ന് പുതിയപള്ളികളുടെ ഉത്ഘാടനം നടന്നു. സ്കൂളിനും മിഷൻഹൗസിനും തറക്കല്ലിട്ടു. ഓഗാഡോഗു അവരുടെ തലസ്ഥാനമാണ്. അവിടെ അഹ്മദിയ്യാ ഹോസ്പിറ്റലിന്റെ ഉത്ഘാടനവും നടന്നു. വളരെ വിശാലവും മനോഹരവുമായ കെട്ടിടമാണ് അവർ ആശുപത്രിക്കുവേണ്ടി നിർമ്മിച്ചിട്ടുള്ളത്. ആദ്യം വാടകകെട്ടിടത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ഇപ്പോൾ നമ്മുടെ സ്വന്തം കെട്ടിടത്തിൽ ആശുപത്രി പ്രവർത്തിച്ചുവരുന്നു. കെട്ടിടത്തിന്റെ പകുതിപണിയേ നടന്നിട്ടുള്ളൂ. എങ്കിലും അതുതന്നെ വലിയതാണ്. ഇവിടെ ഉത്ഘാടന പരിപാടിയിൽ പങ്കെടുക്കാൻ അവിടത്തെ ആരോഗ്യ മന്ത്രി വന്നിരുന്നു. അദ്ദേഹം ജമാഅത്തിന്റെ പ്രവർത്തനങ്ങളെ ഒരുപാട് അനുമോദിച്ചു. ബുർക്കിനോഫാസോയിലെ ഒരു പട്ടണമാണ് ഗോബോജലാസോ ഇവിടെ നിന്ന് ഖുത്ബയും സംപ്രേഷണം ചെയ്തിരുന്നു. ഇവിടെ നമ്മുടെ ഒരു റേഡിയോസ്റ്റേഷനും പ്രവർത്തിച്ചുവരുന്നു. 70,80 കിലോമീറ്റർ വരെ ഇതിൽ നിന്ന് പ്രക്ഷേപണം ചെയ്യുന്നപരിപാടികൾ കേൾക്കാൻ കഴിയും. ഇവിടെയും 4, 5, ലക്ഷം ആളുകൾ പരിപാടിയിൽ പങ്കെടുത്തിരുന്നു. സ്ത്രീകളും പുരുഷൻമാരും എത്തിയിരുന്നു. ജനങ്ങളിൽ 90 ശതമാനവും മുസ്ലിംകളാണ്. റേഡിയോപരിപാടികൾ ഇവരെല്ലാവരും ഇഷ്ടപ്പെടുന്നു. പ്രക്ഷേപണം ചെയ്യുന്ന പദ്യങ്ങൾ വളരെയേറെ ജനസമ്മിതിനേടിയിട്ടുണ്ടെന്ന് എന്നോട് പറയുകയുണ്ടായി. അനഹ്മദികളും, 'മേരാ നാമ് പൂഛോതൊ മെഅഹ്മദീഹൂം' എന്നപദ്യം ചൊല്ലികൊണ്ട് നടക്കുന്നതായി അറിയാൻ കഴിഞ്ഞു. (എന്റെ പേര് ചോദിക്കുകയാണെങ്കിൽ ഞാനഹ്മദിയാണ്.)

പിന്നീട് ഇവിടെ നിന്ന് മൂന്നാമത്തെ രാജ്യമായ ബെനിനിലേക്ക് ഞങ്ങൾ പോയി. വിമാനമാർഗ്ഗമാണ് ഞങ്ങൾ പോയത്. ഇവിടെയും സ്വീകരിക്കാൻ ആളുകൾ എത്തിയിരുന്നു. ചീഫുമാരുടെ പ്രതിനിധിയും സർക്കാരിന്റെ പ്രതിനിധിയും എത്തിയിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അവിടത്തെ വിദേശകാര്യ മന്ത്രിയുമെത്തി. അദ്ദേഹം പറഞ്ഞു: ഇവിടെ നിന്ന് വളരെ ദൂരെ ഞാനൊരു മീറ്റിങ്ങിൽ പങ്കെടുക്കാൻ പോയതാണ്. ട്രാഫിക്കിൽ പെട്ടുപോയി (ട്രാഫിക്ക് അവിടെ വളരെ ബുദ്ധിമുട്ടിക്കുന്നതാണ്. മന്ത്രിമാരെപ്പോലും കയറിപ്പോകാൻ അനുവദിക്കില്ല) കോത്തോനോവോ ആണ് ബെനിന്റെ തലസ്ഥാനം. അവിടെ മനോഹരമായ ഒരു വലിയ പള്ളി നിർമ്മിച്ചിട്ടുണ്ട്. അതിന്റെ ഉത്ഘാടനം നിർവഹിച്ചു. കഴിഞ്ഞ ജുമുഅ ഇവിടെ നിന്നാണ് നിങ്ങൾ കേട്ടിരുന്നതും. പോർട്ടോനോവൊ അവരുടെ അടുത്ത പ്രദേശമാണ്. കോത്തോനോവോയിൽ നിന്ന് 35 കിലോമീറ്റർ ദൂരെയാണ്. ആദ്യം ഇതായിരുന്നു തലസ്ഥാനം. പിന്നീട് കോത്തോനോവോയിലേക്ക് മാറ്റിയതാണ്. ഇവിടെയും ഒരു ചെറിയ പള്ളിയുണ്ട്. വലിയപള്ളിക്ക് തറക്കല്ലിട്ടു. ഇൻശാഅല്ലാഹ് വലിയൊരുപള്ളിഅവിടെ വരുന്നതാണ്.

പറാക്കോ ഇവിടുത്തെ മറ്റൊരു വലിയ പട്ടണമാണ്. അങ്ങോട്ട് പോകുമ്പോൾ ഇടക്കുള്ള ഒരുസ്ഥലമാണ് ഇലാഡ. അവിടത്തെ ചീഫ് അഹ്മദിയായി കഴിഞ്ഞു. ജൽസയിൽ അദ്ദേഹം പങ്കെടുക്കുകയും ചെയ്തു. നിങ്ങളെല്ലാവരും അദ്ദേഹത്തെ അറിഞ്ഞിട്ടു ണ്ടാകും. തലയിൽ കിരീടം അണിഞ്ഞിരുന്നു. ഇവിടെയും അദ്ദേഹം ധാരാളമാളുകളെ സംഘടിപ്പിച്ചിരുന്നു. ഇവരും ചീഫും കൃസ്ത്യനികളായിരുന്നു. ചീഫ് ആദ്യമാദ്യം ചിലകാരണങ്ങളാൽ അഹ്മദിയായ വിവരം മറച്ചുവെച്ചിരുന്നു. എന്നാൽ, ഇപ്പോൾ പരസ്യമായി വിളംബരം ചെയ്യുകയാണ്. അവിടുത്തെ പ്രസംഗത്തിലും അദ്ദേഹം പരസ്യമായി പറയുകയുണ്ടായി : (കൃസ്ത്യാനികളും മുസ്ലീങ്ങളും ദുനിയാവും ആഖിറത്തും ആഗ്രഹിക്കുന്നെങ്കിൽ മോക്ഷം ആഗ്രഹിക്കുന്നെങ്കിൽ അഹ്മദിയ്യത്ത് സ്വീകരിക്കുക. ഇതാണ് യഥാർത്ഥ ഇസ്ലാം. ഇപ്പോൾ ഇദ്ദേഹത്തിന് കഠിനമായ എതിർപ്പ് നേരിടേണ്ടിവന്നിരിക്കുകയാണ്. അല്ലാഹു അദ്ദേഹത്തെ ഉറപ്പിച്ചുനിറുത്തുകയും എല്ലാ ഉപദ്രവങ്ങളിൽ നിന്നും സുരക്ഷിതനാക്കുകയും ചെയ്യുമാറാകട്ടെ.

ഞങ്ങൾ പറോക്കോയിലെത്തിയപ്പോൾ അവിടത്തെ മേയറും ഗവർണറും പട്ടണ ത്തിനുവെളിയിൽ ഞങ്ങളെ സ്വീകരിക്കാൻ വന്നിരുന്നു. അവർ രണ്ടുപേരും മുസ്ലീങ്ങളാണ് മറ്റുമുസ്ലീങ്ങൾ അവരെ നമ്മുടെ പരിപാടിയിൽ പങ്കെടുപ്പിക്കാതിരിക്കാൻ കഴിവതും പരിശ്രമിച്ചിരുന്നു. നമ്മളെകാണരുതെന്നും അവർ വിലക്കിയിരുന്നു. 'എന്നാൽ പിന്നെ ഞാൻ തീർച്ചയായും പോകുമെന്ന് മേയർ പറഞ്ഞു; ഇവരെന്താണ് ചെയ്യുന്നതെന്നും പറയുന്നതെന്നും എനിക്ക് അറിയേണ്ടതുണ്ട്.'

പിന്നീട് ഞാനുമായി സംസാരിച്ചപ്പോൾ യഥാർത്ഥ ഇസ്ലാമിക പ്രവർത്തനം നടത്തുന്നത് അഹ്മദിയ്യാമുസ്ലിം ജമാഅത്താണെന്ന് ഒരുസങ്കോചവും കൂടാതെ അദ്ദേഹം പറഞ്ഞു. അദ്ദേഹം രാജ്യത്തെ എല്ലാമേയർമാരുടേയും സംഘടനയായ ഹൗസ് ഓഫ് മേയേഴ്സിന്റെ പ്രസിഡന്റുമാണ്. ഇവിടെ നമ്മുടെ ആശു പത്രി ആരംഭിക്കേണ്ടതുണ്ട്. അതിന് തറക്കല്ലിട്ടു. നല്ല സ്ഥല ത്ത്, മെയിൻ റോഡിന്റെ ഓരത്ത് പട്ടണത്തോട് ചേർന്നുള്ള 6 ഏക്കർ സ്ഥലത്താണ് ഈ ആശുപത്രി നിർമ്മിക്കുന്നത്. മേയർ മറ്റൊരുപരിപാടിയിൽ, ഈ സ്ഥലം ചെറുതാ ണെന്നും ആശുപത്രിക്ക് വേണ്ടി 5 ഏക്കർ ഞാനും കൊടുക്കുന്നുവെന്നും വിളംബരം ചെയ്തു.

ഇവിടെ ഒരു സ്ഥലത്തുനിന്ന് ഇമാമും ചീഫും 400 ഓളം ആളുകളും, 70 തിനോടടുത്ത് സ്ത്രീകളും ബാക്കി പുരുഷന്മാരും വന്നിട്ടുണ്ടായിരുന്നു. അവർ വളരെ ദൂരത്ത് നിന്നായിരുന്നു യാത്രചെയ്ത് വന്നത്. അവിടെ ബസ്സുകൾ ഒന്നും സ്ഥിരമായി ഓടാറില്ല. അവർ ട്രക്കുകളിലാണ് വന്നത്. ബൈഅത്ത് ചെയ്യണമെന്ന് അവർ പറഞ്ഞു. കുറേക്കാലമായി ജമാഅത്തിന്റെ പ്രവർത്തന ങ്ങൾ വീക്ഷിച്ചു വരികയായിരുന്നു എന്നും ഇന്നത്തെ ദിവസം പ്രതീക്ഷിച്ചിരിക്കുകയായിരുന്നുവെന്നും അവർ അറിയിച്ചു. അമീർ സാഹിബിനോടും അവിടുത്തെ മുബ ല്ലിഗിനോടും ഇവർ ബൈഅത്ത് ചെയ്യുന്നതിനെകുറിച്ച് നിങ്ങൾക്ക് അറിവുള്ളതാണോ എന്ന് ചോദിച്ചു. തങ്ങൾക്ക് ഒരറിവുമില്ലെന്ന് അവർ പറഞ്ഞു. ഞങ്ങളുടെ അറിവിൽ അവർ അങ്ങയെ കാണുന്നതിന് വേണ്ടി മാത്രമാണ് വന്നി

ട്ടുള്ളത് എന്നും അറിയിച്ചു.

ഇമാമും ചീഫും പഠിപ്പുള്ളവരാണെന്ന് എനിക്ക് തോന്നി. നിങ്ങൾ ധൃറുതികാണിക്കുകയാണോ എന്ന് ഞാൻ അവരോട് ചോദിച്ചു. ഹസ്രത്ത് മസീഹ് മഊദിന്റെ വാദങ്ങളിൽ എല്ലാം നിങ്ങൾക്ക് വിശ്വാസമുണ്ടോ? ഇമാമും ചീഫും മറ്റുള്ളവരും തങ്ങൾക്ക് പൂർണ്ണവിശ്വാസമുണ്ടെന്ന് പറഞ്ഞു. ഞങ്ങൾ പൂർണ്ണ ഹൃദയത്തോടെയാണ് അഹ്മദിയ്യത്ത് സ്വീകരിക്കുന്നത്. എന്നുമാത്രമല്ല 1000 കണക്കിനാളുകൾ വേറെയുമുണ്ടെന്നും അവർ അറിയിച്ചു. അതിന്റെ കൃത്യകണക്കറിയില്ല. ഇൻശാഅല്ലാഹ് ജലസയുടെ അവസരത്തിൽ അതു പറയുന്നതാണ്. അവർ ഇവരോട് പറഞ്ഞ് വിട്ടത്, ഞങ്ങൾക്ക് പ്രതിനിധികളായികൊണ്ട് ഞങ്ങൾക്ക് വേണ്ടിയും നിങ്ങൾ ബൈഅത്ത് ചെയ്യണമെന്നാണ്. വന്നവർ പിന്നീട് നേരിട്ട് ബൈഅത്ത് ചെയ്തു. ഇങ്ങനെ ഇവിടെയും നേരിട്ട് ബൈഅത്ത് നടന്നു. ഒരുപാടാളുകൾ അതിൽ പങ്കെടുത്തു. ആത്മാർത്ഥതയും കൂറും അവർ പ്രകടിപ്പിച്ചു. അത് അല്ലാഹുവിനല്ലാതെ മറ്റാർക്കും ഹൃദയങ്ങളിലുണ്ടാക്കാൻ സാദ്ധ്യമല്ല. അല്ലാഹുവിന് മാത്രമേ ഇത്തരമവസ്ഥ ഹൃദയങ്ങളിൽ ഉണ്ടാക്കാൻ സാധിക്കുകയുള്ളു. തിരിച്ചു വരുമ്പോൾ ഒരിടത്ത് ഒരു പരിപാടിയുണ്ടായിരുന്നു. മൂന്ന് നാല് ആയിരം പേർ പങ്കെടുത്തിരുന്നു. രാത്രി മഴയുണ്ടായി. കാലാവസ്ഥ കുറച്ച് മോശമായി. അനഹ്മദി മൗലവിമാർ ബഹളമുണ്ടാക്കി. ജനങ്ങളെ യോഗത്തിൽ പങ്കെടുക്കരുതെന്ന് പറഞ്ഞ് ഭയപ്പെടുത്തി. സമ്മേളനത്തിൽ പങ്കെടുക്കരുതെന്ന് പറഞ്ഞ് അവർ പണവും വിതരണം ചെയ്തു. ഇങ്ങനെയൊക്കെയാണെങ്കിലും മൂന്ന് നാല് ആയിരം ആളുകൾ അവിടെ പങ്കെടുത്തിരുന്നു. ഇവിടുത്തെ മേയർ എഴുന്നേറ്റ് നിന്നുകൊണ്ട് ഞാൻ അഹ്മദിയ്യാവുകയാണെന്ന് പരസ്യമായി വിളംബരം ചെയ്തു. അഹ്മദിയ്യത്ത് സത്യമാണെന്ന് തനിക്ക് ദൃഢവിശ്വാസമുണ്ടെന്നും പറഞ്ഞു. ഇദ്ദേഹത്തിനുപുറമേ 1000 ത്തോളം മറ്റാളുകളും ബൈഅത്ത് ചെയ്തു. തങ്ങൾ പൂർണ്ണഹൃദയത്തോടെയാണ് അഹ്മദിയ്യത്ത് സ്വീകരിക്കുന്നതെന്നും അവർ പറഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇവിടെ 1000 കണക്കിനാളുകൾ ഈ പര്യടനവേളയിൽ ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിക്കുകയുണ്ടായി.

ഞങ്ങളുടെ കൂടെ സ്ഥിരമായിട്ട് പത്രദൃശ്യമാധ്യമങ്ങളുടെ പ്രതിനിധികൾ ഉണ്ടായിരുന്നു. ഇവരിലും ഒരാൾ ബൈഅത്ത് ചെയ്തു. ഞാൻ ഒരുപാട് അടുത്തിരിക്കുന്നുവെന്ന് ഒരു സ്ത്രീ പറഞ്ഞു; അടുത്തുതന്നെ ബൈഅത്ത് ചെയ്യുമെന്നുമറിയിച്ചു. എനിക്ക് ഒരു മതമുണ്ടെങ്കിൽ അത് അഹ്മദിയ്യത്ത് മാത്രമാണെന്നും പറഞ്ഞു.

ഓരോർത്തർക്കും അവരുടെതായ സ്വഭാവമുണ്ടായിരിക്കും. ഇവിടുത്തെയാളുകൾ നിശബ്ദരായികൊണ്ടാണ് വികാരം പ്രകടിപ്പിക്കുന്നത്. വലിയ മുദ്രാവാക്യം വിളിയൊന്നുമുണ്ടായിരുന്നില്ല. ചിലരുടെ മുഖങ്ങളിൽ ഉദാസീനതയും കണ്ണുകളിൽ കണ്ണീർ നിറഞ്ഞിരിക്കുന്നതും കാണാൻ കഴിഞ്ഞു. ഇത് മതിയായ വൈകാരിക പ്രകടനമായിരുന്നു.

നൈജീരിയയിൽ പ്രോഗ്രാം രണ്ടുദിവസം മുമ്പ് വരെ വച്ചിരുന്നില്ല. അവസാന നിമിഷത്തിലാണ് പരിപാടിയിട്ടത്.

ബനിനിൽ ലജ്നയ്ക്കുവേണ്ടി നല്ലൊരുകാര്യം ഞാൻ കണ്ടു. ലജ്ന മെമ്പർമാർക്ക് അവിടെ ഡ്യൂട്ടി കൊടുത്തിരുന്നു. പർദ അണിഞ്ഞുകൊണ്ട് നിഖാബ് ഇട്ടുകൊണ്ടാണ് അവർ ഡ്യൂട്ടി നിർവഹിച്ചിരുന്നത്. ഒരു പ്രത്യേക ടീം തന്നെ അവർ അതിനായി തയ്യാറാക്കിയിരുന്നു. എം ടി ഏയിൽ സംപ്രേഷണം ചെയ്യുകയാണെങ്കിൽ നിങ്ങൾ അത് കാണുക. നൈജീരിയായെകുറിച്ച് ഞാൻ പറഞ്ഞിരുന്നു. അവിടെ പരിപാടികൾ ഒന്നും വെച്ചിരുന്നില്ല. യാദൃഛികമായി പരിപാടികൾ തയ്യാറായി. കാരണം ഫ്ളൈറ്റ് ഉണ്ടായിരുന്നില്ല. ഉണ്ടെങ്കിൽ തന്നെ ചിലവ് അധികമായിരുന്നു. എന്നാൽ, അവിടെ ചെന്നപ്പോൾ, വന്നില്ലായിരുന്നുവെങ്കിൽ അത് തെറ്റാകുമായിരുന്നുവെന്നെനിക്ക് തോന്നി. കുറച്ചുനാൾമുമ്പേ അവരുടെ വാർഷിക ജലസ നടന്നതേയുള്ളു. അതിൽ വലിയതോതിൽ ജനങ്ങൾ പങ്കെടുത്തിരുന്നു. അതുകൊണ്ട് ദൂരദൂരസ്ഥലങ്ങളിൽ നിന്ന് ആളുകൾ വരുമെന്ന പ്രതീക്ഷയുണ്ടായിരുന്നില്ല. എന്നാൽ, വെറും രണ്ടുമണിക്കൂർ നേരത്തെ പരിപാടിയിൽ പങ്കെടുക്കുന്നതിനായി, എന്നെക്കാണുന്നതിനുമായി മുപ്പതിനായിരത്തിലധികം പുരുഷന്മാരും സ്ത്രീകളും അവിടെയെത്തിയിരുന്നു.

അവരുടെ ആത്മാർത്ഥതയുടെയും കൂറിന്റെയും കാഴ്ചകൾ ഞാൻ കണ്ടു. അത് വിവരണാതീതമാണ്. എന്തായാലും മൂന്ന് ദിവസം ഞാൻ അവിടെ താമസിച്ചു. മൂന്നാമത്തെ നാൾ വൈകുന്നേരം ഞങ്ങൾക്ക് മടങ്ങിവരണമായിരുന്നു. അവിടുത്തെ അമീർസാഹിബ് ഈ സമയം ശരിക്കും പ്രയോചനപ്പെടുത്തുകയുണ്ടായി.

നൈജീരിയായിലും 3 പള്ളികൾ ഉത്ഘാടനം ചെയ്യപ്പെട്ടു. വലുതും മനോഹരവുമായ പള്ളികൾ അവർ നിർമ്മിച്ചിരുന്നു. ഇതിനുപുറമെ വിവിധ കെട്ടിടങ്ങൾക്ക് തറക്കല്ലിട്ടു. ഞാൻ പറഞ്ഞതുപോലെ ഇവിടുത്തെ ജനങ്ങളുടെ ആത്മാർത്ഥതയും നിഷ്കളങ്കതയും ബന്ധവും സ്നേഹവും വിവരണാതീതമാണ്.

തിരിച്ചു വരുമ്പോൾ ദുആയുടെ നേരത്തുണ്ടായ അവസ്ഥ പറഞ്ഞറിയിക്കാൻ പറ്റുകയില്ല. ചില സ്ത്രീകൾ വിങ്ങിപ്പൊട്ടി കരയുന്നുണ്ടായിരുന്നു. സ്നേഹത്തിന്റെ ഈ വികാരം അല്ലാഹുവിന് മാത്രമെ മനസ്സുകളിൽ സൃഷ്ടിക്കാൻ കഴിയൂ. അല്ലാഹുവിന് വേണ്ടിയേ അതുണ്ടാകുകയുള്ളൂ. അല്ലാഹു ഇവരെല്ലാവരുടേയും ഈമാനും യഖീനും വർധിപ്പിച്ചുകൊടുക്കുമാറാകട്ടെ. എന്നല്ല, മുഴുലോകത്തേയും അഹ്മദികളുടെ ആത്മാർത്ഥതയും കൂറും അതിന്റെ ഉന്നതമായ നിലയിൽ നിലനാട്ടാൻ തൗഫീഖ് നൽകുമാറാകട്ടെ.

ആത്മാർത്ഥതയുടേയും കൂറിന്റേയും കാഴ്ചകൾ നിങ്ങൾ എം ടി ഏയിലൂടെ കണ്ടതാണ്. ഇനിയൊരുപാട് പരിപാടികളിൽ അത് കാണുന്നതുമാണ്. ആഫ്രിക്കയിലെ ഇന്ന സ്ഥലത്തെ അഹ്മദിയ്യാ മിഷൻ തങ്ങൾ അടപ്പിച്ചു എന്ന് മൗലവിമാർ പറയുന്നു. ഇന്ന സ്ഥലങ്ങളിൽ ഇന്നത് ചെയ്തു. ഇന്നിടത്തു വാഗ്വാദം ചെയ്തിട്ടുണ്ട്. ഇത് ചെയ്തു അത് ചെയ്തു എന്നൊക്കെ വീമ്പിളക്കുന്നു. എന്നാൽ അവരോട് ആരെങ്കിലും ചോദിച്ചാൽ, ഈ ആത്മാർത്ഥതയും കൂറും പ്രകാശം നിറഞ്ഞ മുഖവും എം ടി ഏയിലൂടെ ലോകം കണ്ടതാണ്. ഞാൻ അവിടെ ചെന്ന് നേരിട്ട് കണ്ടതുമാണ്. അപ്പോൾ അതെന്താണ്! ഇതെല്ലാം മിഷൻ അടച്ചുപൂട്ടിയതിന്റെ ഫലമാണോ? എന്തായാലും അവർ വീമ്പിളക്കേണ്ടത് വീമ്പിളക്കുകതന്നെ ചെയ്തു. ഇപ്പോഴും വീമ്പിളക്കികൊണ്ടിരിക്കുകയാണ്. ഇതും നമ്മുടെ ഈമാൻ വർദ്ധിക്കുന്നതിന് കാരണമായിതീർന്നു.

ഇത് വെറും 4 രാജ്യങ്ങളുടെ സംക്ഷിപ്ത വിവരണമാണ്. അത് ഞാൻ പറഞ്ഞു. എം ടി ഏയിലൂടെ മൗലവിമാർ കാണുകയും ചിലർ കേൾക്കുകയും ചെയ്തിട്ടുള്ളതുമാണ്.

മൗലവിമാർക്ക്, അല്ലെങ്കിൽ എതിരാളികൾക്ക് അല്പമെങ്കിലും ലജ്ജയുണ്ടെങ്കിൽ ചിന്തിക്കേണ്ടതാണ്. ഇത് വെറും 4 രാജ്യങ്ങളുടെ വിവരണം ആണ്. ദുനിയാവിലെ 175 ലേറെ രാജ്യങ്ങളിൽ ആത്മാർത്ഥതയും കൂറുമുള്ള അഹ്മദികളെ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. അതെല്ലാം കാണുകയാണെങ്കിൽ ഇവരുടെ അവസ്ഥ എന്തായിരിക്കും.

സംക്ഷിപ്തമായി ഞാൻ പറയട്ടെ. ഞാൻ ഈ നാലു രാജ്യങ്ങളിൽ 21 പുതിയ പള്ളികൾ ഉത്ഘാടനം ചെയ്തു. 2,3 ന് തറക്കല്ലുമിട്ടു. ഇതിനുപുറമെ നിരവധി സ്കൂളുകൾ ആസ്പത്രികൾ മറ്റുകെട്ടിടങ്ങൾ എന്നിവയുടെ അടിത്തറയുമിട്ടു.

അല്ലാഹുവിൽ നിന്നുണ്ടായ മറ്റൊരു അനുഗ്രഹവും വിവരിക്കുന്നു. അതായത് ഇതും അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങളിൽ ഒരു അനുഗ്രഹമാണ്. അതായത് എം ടി എ. ഇതു മുഖേന നാം, അതായത് മുഴുവൻ ലോകത്തേയും അഹ്മദികൾ പ്രോഗ്രാം കേൾക്കുകയും കാണുകയും ചെയ്യുന്നു. ഏപ്രിൽ 22 വ്യാഴാഴ്ച മുതൽ ഇൻശാഅല്ലാഹ് എം ടി എയുടെ മറ്റൊരു ചാനൽ പ്രവർത്തനം തുടങ്ങുകയാണ്. ഒരേ സമയം 2 ചാനൽ ഉണ്ടാകും. ഇതിന്റെ ആവശ്യം തോന്നാൻ കാരണം, 24 മണിക്കൂറിൽ യൂറോപ്പും ഏഷ്യയും ഒരേ പോലെ സമയം വരുന്ന സന്ദർഭം ഉണ്ടാകാറുണ്ട്. അപ്പോൾ വിവിധ പരിപാടികൾ സംപ്രേഷണം ചെയ്യുന്നു. അത് ഏഷ്യയിലേയും യൂറോപ്പിലേയും ചില രാജ്യങ്ങളിൽ കേൾക്കാനോ കാണാനോ കഴിയുകയില്ല. ഈ സമയങ്ങളിൽ ഒരുപാട് പ്രേക്ഷകർക്ക് എം ടി എ പ്രയോജനപ്പെടുന്നില്ല. പുതിയ സംവിധാനമനുസരിച്ച് ഇൻശാഅല്ലാഹ് ജി എം ടി യനുസരിച്ച് വൈകുന്നേരം 4 മണിമുതൽ രാത്രി 7 മണിവരെ യുകെ, ഏഷ്യ, പാക്കിസ്ഥാൻ, ഭാരത്, ബംഗ്ലാദേശ്, ദക്ഷിണ അമേരിക്ക, വടക്കൻ അമേരിക്ക, ആസ്ത്രേലിയ തുടങ്ങിയ സ്ഥലങ്ങളിൽ ഉർദു ഇംഗ്ലീഷ് പരിപാടികൾ സംപ്രേഷണം ചെയ്യുന്നതാണ്. അതേസമയം പുതിയ ചാനലായ എം ടി എ രണ്ടിൽ യൂറോപ്പിലെ ബാക്കി രാജ്യങ്ങളിലും മിഡിൽ ഈസ്റ്റ് ആഫ്രിക്ക മൊറേഷ്യസ് തുടങ്ങിയ സ്ഥലങ്ങളിൽ ഫ്രഞ്ച്, ജർമൻ, അറബി പരിപാടികൾ സംപ്രേഷണം ചെയ്യുന്നതാണ്. ഇൻശാഅല്ലാഹ്. മറ്റു സമയങ്ങളിൽ രണ്ടു ചാനലും ഒരേ സമയം പരിപാടികൾ സംപ്രേഷണം ചെയ്യുന്നതാണ്. തൽസമയ സംപ്രേഷണ പരിപാടികൾ രണ്ടു ചാനലും ഒരുപോലെ സംപ്രേഷണം ചെയ്യുന്നതാണ്.

ഹസ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു. തങ്ങളുടെ ഗൂഢപദ്ധതികളും അടിസ്ഥാനരഹിതമായ കളവുകളും, വഞ്ചനകളും, പരിഹാസങ്ങളും, അപഹാസ്യങ്ങളും കൊണ്ട് അല്ലാഹുവിന്റെ ഉദ്ദേശ്യത്തെ തടയാൻ കഴിയുമെന്ന് അവർ കരുതുന്നുണ്ടോ? അല്ലെങ്കിൽ ജനങ്ങളെ വഞ്ചിച്ചുകൊണ്ട്, അല്ലാഹുവിന്റെ ഇച്ഛയാൽ സ്ഥാപിതമായിട്ടുള്ള ഈ പ്രവൃത്തി അകറ്റികൊണ്ട് പോകാമെന്ന് അവർ മനസ്സിലാക്കുന്നുണ്ടോ? സത്യവിരോധികൾക്ക് ഇതിനുമുമ്പേ എപ്പോഴെങ്കിലും വിജയമുണ്ടായിട്ടുണ്ടെങ്കിൽ ഇവരും വിജയിക്കുന്നതാണ്. എന്നാൽ, അല്ലാഹുവിന്റെ തീരുമാനത്തിന്റെ വിരോധികളും അല്ലാഹുവിന്റെ വിരോധികളും എപ്പോഴും നിന്ദാവഹമായ നിലയിൽ പരാജയപ്പെട്ടത് സ്ഥാപിതമായിട്ടുള്ള കാര്യമാണ്. അപ്പോൾ ഇക്കൂട്ടർക്ക് ഒരുനാൾ പരാജയവും നിന്ദ്യതയും തീർച്ചയാണ്. അവരുടെ ഉദ്ദേശ്യത്തിൽ അവർ വിജയിക്കുകയില്ല. അല്ലാഹു പറഞ്ഞിട്ടുള്ളത് ഒരിക്കലും പാഴായിട്ടില്ല. പാഴായിപ്പോകുകയുമില്ല. അവൻ പറയുന്നു, കതബല്ലാഹു ലഅഗ്‌ലിബന്ന അന വറുസുലീ. അല്ലാഹു ആരംഭം മുതൽ തന്നെ വിധിയെഴുതിയിരിക്കുന്നു. തന്റെ നിയമവും നടപടി ക്രമവുമായി നിശ്ചയിച്ചിരിക്കുകയാണ്, അവനും അവന്റെ റസൂലും വിജയിക്കുകതന്നെ ചെയ്യുമെന്ന്. ഞാൻ അവന്റെ റസൂൽ അതായത് ദൂതനാകുന്നു. എന്നാൽ പുതിയ ശരീഅത്തും, പുതിയ വാദവും, പുതിയ നാമവും ഒന്നുമില്ലാതെ പ്രത്യുത ആദരണീയനായ ആ ഖാത്തമുൽ അമ്പിയായുടെ നാമം പ്രാപിച്ചുകൊണ്ട്, അദ്ദേഹത്തിൽ ലയിച്ചുകൊണ്ട് അദ്ദേഹത്തിന്റെ പ്രതീകമായിക്കൊണ്ട് വന്നിരിക്കുന്നു. അതുകൊണ്ട് ഞാൻ പറയുന്നു, ആദമിന്റെ കാലം മുതൽ നബി(സ) തിരുമേനി വരെ എപ്പോഴും ഈ വചനത്തിന്റെ പൊരുൾ സത്യമായി പുലർന്നു വന്നതുപോലെ എന്റെ കാര്യത്തിലും ഈ വചനം സത്യമായി പുലരുന്നതാണ്.

ഈ മൗലവിമാരും അവരുടെ ശിങ്കിടികളും എന്നിൽ കളവും അസഭ്യവും കൊണ്ട് ആക്രമണം ആരംഭിച്ച ആ കാലം ഇവർ കാണുന്നില്ലേ? അന്ന് ഒരാൾ പോലും എനിക്ക് ബൈഅത്ത് ചെയ്തിരുന്നില്ല. അംഗുലിപരിമിതമായ ചില സുഹൃത്തുക്കൾ എന്നോടൊപ്പം ഉണ്ടായിരുന്നത് ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ, ഇപ്പോൾ ബൈഅത്ത് ചെയ്തവരുടെ എണ്ണം അല്ലാഹുവിന്റെ അനുഗ്രഹത്താൽ എഴുപതിനായിരത്തോളമായിക്കഴിഞ്ഞു.

(ഇപ്പോൾ നിത്യേന ആയിരക്കണക്കിന് ബൈഅത്തുകൾ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നടന്നുവരുന്നു.)

ഇതെന്റെ പരിശ്രമമൊന്നുമല്ല. പ്രത്യുത, ആകാശത്തിൽ നിന്നടിച്ച കാറ്റിന്റെ ഫലമായി അവർ എന്നിലേക്ക് ഓടിവന്നു. ഈ ജമാഅത്തിനെ നശിപ്പിക്കാൻ അവർ എത്രമാത്രം ശക്തിചെലുത്തി എന്ന് ചിന്തിച്ചുനോക്കട്ടെ. എന്തെന്തെല്ലാം വഞ്ചനകളും ചതിയും കാണിച്ചുവെന്ന്. എത്രത്തോളമെന്നാൽ കള്ളക്കേസുകൾ വരെ കൊടുത്തു. കൊലപാതക കുറ്റം ചുമത്തി കള്ള സാക്ഷ്യം പറയാൻ കോടതികയറി. മുസ്‌ലിംകളെയെല്ലാം എനിക്കെതിരിൽ ഇളക്കിവിട്ടു. ആയിരക്കണക്കിന് നോട്ടീസുകളും ലഘുലേഖകളും പ്രസിദ്ധീകരിച്ചു. കുഫ്ർ ഫത്‌വ പുറപ്പെടുവിച്ചു. എന്നെ വധിക്കാൻ ആഹ്വാനം ചെയ്തു. എതിർ പദ്ധതികൾ ആസൂത്രണം ചെയ്യാൻ യോഗങ്ങൾ സംഘടിപ്പിച്ചു. എന്നാൽ, ഇതെല്ലാം പരാജയപ്പെട്ടതല്ലാതെ ഏന്തെങ്കിലും പ്രയോജനമുണ്ടായോ? ഇതു മനുഷ്യന്റെ പ്രവൃത്തിയായിരുന്നെങ്കിൽ അവരുടെ ശക്തമായ ആക്രമണത്തിന്നിരയായി ഇതു നശിക്കുമായിരുന്നു. കള്ളവാദികൾക്കെതിരെ ഇത്രയധികം പരിശ്രമിച്ചിട്ടും അവർ നശിക്കാതിരുന്നതിന് എന്തെങ്കിലും തെളിവ് തരാൻ സാധിക്കുമോ? എന്നാൽ ഇവിടെ നിത്യേന വിജയം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഇതൊരു മഹത്തായ അടയാളമല്ലേ? ഈ വിതച്ച വിത്ത് ഉള്ളിൽ തന്നെ നശിപ്പിക്കാൻ വേണ്ടി എല്ലാ പരിശ്രമവും ചെയ്തുനോക്കി. ഉന്മൂലനം ചെയ്യാനും ശ്രമിച്ചു. എന്നാൽ ആ വിത്ത് വളർന്നു. പുഷ്പിച്ചു. അതൊരു വൻമരമായിത്തീർന്നു. അതിന്റെ ശാഖകൾ ദൂരദൂരവരെ എത്തി.

ഇപ്പോൾ ആ മരം എത്രത്തോളം വളർന്നുവെന്നാൽ ആയിരക്കണക്കിന് പക്ഷികൾ അതിൽ ചേക്കേറുന്നു.

ഇപ്പോൾ കോടിക്കണക്കിന് പക്ഷികൾ ആ മസീഹെ മുഹമ്മദിയുടെ മരത്തിൽ ചേക്കേറിയിരിക്കുന്നു.

വീണ്ടും അവിടുന്ന് പറയുന്നു. ബറാഹീനെ അഹ്മദിയ്യായിൽ പ്രവചനമുണ്ട്. ***യുരീദൂന അയ്യുത്ഫിഉ നൂറല്ലാഹി ബി അഫ്‌വാഹിഹിം വല്ലാഹു മുത്തിമ്മു നൂരിഹീ വലവ് കരിഹിൽ കാഫിറൂൻ.*** ദൈവിക പ്രകാശത്തെ തങ്ങളുടെ ഊത്തുകൊണ്ട് കെടുത്തികളയാമെന്ന് എതിരാളികൾ കരുതും. എന്നാൽ അല്ലാഹു തന്റെ പ്രകാശത്തെ പൂർത്തിയാക്കുന്നതാണ്; നിഷേധികൾ വെറുത്താലും ശരി. ഇത് എനിക്കെതിരെ ഒരെതിർപ്പും ഇല്ലാതിരുന്നകാലത്തുണ്ടായ പ്രവചനമാണ്. എന്നല്ല എന്നെകുറിച്ചും ആർക്കും അറിയുകയില്ലായിരുന്നു. പിന്നീട് ഈ പ്രവചനത്തിൽ പറഞ്ഞതുപോലെ തന്നെ ഞാൻ ലോകത്ത് അറിയപ്പെട്ടു. ആയിരക്കണക്കിനാളുകൾ എന്നെ സ്വീകരിച്ചു. അപ്പോൾ എതിർപ്പുകളുണ്ടായി. എത്രത്തോളമെന്നാൽ, മക്കവാസികളെ തെറ്റിദ്ധരിപ്പിച്ച് എനിക്കെതിരെ കുഫ്ർ ഫത്‌വ വാങ്ങി പ്രസിദ്ധീകരിച്ചു. എനിക്കെതിരെ ബഹളം വെച്ചു. വധിക്കാൻ ആഹ്വാനം ചെയ്തു. ഭരണകർത്താക്കളെ തെറ്റിദ്ധരിപ്പിച്ച് എനിക്കെതിരെ തിരിച്ചു. പൊതുജനങ്ങളെ വിറളിപിടിപ്പിച്ചു. ചുരുക്കത്തിൽ എല്ലാ തരത്തിലും എന്നെ നശിപ്പിക്കാൻ പരിശ്രമിച്ചു. എന്നാൽ അല്ലാഹുവിന്റെ പ്രവചനപ്രകാരം എല്ലാ മൗലവിമാരും അവരുടെ വർഗ്ഗക്കാരും തങ്ങളുടെ പരിശ്രമത്തിൽ പരാജയമടഞ്ഞു. ഈ പ്രവചനത്തിന്റെ മഹത്വത്തെ കാണാത്തവർ എത്രമാത്രം അന്ധരാണ്. ഇതു ഏതുകാലത്ത് പറയപ്പെട്ട പ്രവചനമാണ്. എത്ര വ്യക്തമായാണ് ഇന്നത് പൂർത്തിയായത്. അല്ലാഹുവിന്റെയല്ലാതെ മറ്റാരുടെയെങ്കിലും പണിയാണോ ഇത്. ആണെങ്കിൽ തെളിവുകൾ കൊണ്ടുവരിക; ഇതു മനുഷ്യന്റെ പ്രവൃത്തിയായിരുന്നെങ്കിൽ, അല്ലാഹുവിനെതിരായിരുന്നുവെങ്കിൽ, അല്ലാഹുവിന്റെ ഇച്ഛയ്ക്ക് വിരുദ്ധമായിരുന്നെങ്കിൽ അവർ അവരുടെ പരിശ്രമത്തിൽ പരാജയപ്പെടുകയില്ലായിരുന്നു. ആരാണ് ഇവരെ പരാജയപ്പെടുത്തിയത്. എന്നോടൊപ്പമുള്ള എന്റെ അല്ലാഹു തന്നെ.

അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ് (അ) ന്റെ ഈ സന്ദേശത്തെ ലോകത്തിന്റെ മുക്കിലും മൂലയിലുമെത്തിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ.

---

JUMAKHUTHUBA
HADHRAT MIRZA MASROOR AHMAD
KHALIFATHUL MASIH - V
on 16 - 04 - 2004 at Baithul Futhuh, London

Translated by :
Moulavi. Muhammed Ismail. H.A

*Published by :* **Majlis Khuddamul Ahmadiyya, Kerala**